**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 139 — 16.03.2015-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എസ്.ശർമ്മ | | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| എ) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ൊ വിഭജനത്തിനും രൂപീകരണത്തിനും നിയമാനുസരണം പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) | 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലേയും മുനിസിപ്പാലിറ്റി നിയമത്തിലേയും വകുപ്പ് 4 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധി വർദ്ധിപ്പിക്കേണ്ടതും കുറയ്ക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശപ്രകാരമോ, അല്ലെങ്കിൽ അവരുമായി കൂടിയാലോചിച്ചതിനുശേഷമോ പ്രസ്തുത നിർദ്ദേശം വിജ്ഞാപനം വഴി മുൻകൂട്ടി പ്രസിദ്ധീകരിച്ചതിനു ശേഷമായിരിക്കണം. അതുപോലെതന്നെ നിലവിലെ ഭരണ സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്ക് മാത്രമേ ഇത് പ്രാബല്യത്തിൽ വരുത്തുവാൻ പാടുള്ളൂ എന്നും വ്യവസ്ഥയുണ്ട്. |
| ബി) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനും വിഭജിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനും വിഭജിക്കുന്നതിനും പുതിയവ രൂപീകരിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ചില ഭേദഗതികളോടെ അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്തു പുതുതായി 70 ഗ്രാമപഞ്ചായത്തുകളും 31 മുനിസിപ്പാലിറ്റികളും ഒരു മുനിസിപ്പൽ കോർപ്പറേഷനും രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ഈ തീരുമാനത്തിന്മേൽ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുമുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് 25.01.2015, 25.02.2015 തീയതികളിൽ പ്രാഥമിക വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ നടപടി ക്രമമാണ് 2010-ലും സ്വീകരിച്ചത് |

| | | | |
|---|---|---|---|
| സി) | എന്തെല്ലാം മാനദണ്ഡങ്ങളാണ് ഇതിനായി സ്വീകരിച്ചത്; മാനദണ്ഡങ്ങൾക്ക് രൂപം നൽകിയതാരാണ്; ഇതിനായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; | സി) | ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയാണ് മുഖ്യമാനദണ്ഡമായി സ്വീകരിച്ചത്. ഭരണഘടനയിലേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലേയും മുനിസിപ്പാലിറ്റി നിയമത്തിലേയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് രൂപം നൽകിയത് സർക്കാരാണ്. മാനദണ്ഡം നിശ്ചയിക്കുന്നതിന് പൊതുജനാഭിപ്രായം ആരാഞ്ഞിട്ടില്ലെങ്കിലും നിലവിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ രൂപീകരണം സംബന്ധിച്ച പൊതുജനങ്ങളിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങൾ പരിഗണിച്ചിട്ടുണ്ട്. |
| ഡി) | നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി എതെല്ലാം പഞ്ചായത്തുകളെ വിഭജിക്കേണ്ടതുണ്ട്; എത്ര തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പുതുതായി രൂപീകരിക്കാം; | ഡി) | വിഭജിക്കേണ്ട പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. പുതുതായി 70 ഗ്രാമപഞ്ചായത്തുകളും 31 മുനിസിപ്പാലിറ്റികളും ഒരു മുനിസിപ്പൽ കോർപ്പറേഷനും രൂപീകരിക്കാം. |
| ഇ) | ഇതിനുള്ള ശിപാർശകൾ തയ്യാറാക്കിയത് ആരാണ്; ശിപാർശകളിന്മേൽ പൊതുജനാഭിപ്രായം തേടുകയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | ഇ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനും വിഭജിക്കുന്നതിനും പുതിയവ രൂപീകരിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുമായി രൂപീകരിക്ക പ്പെട്ട കമ്മിറ്റിയാണ് ശിപാർശകൾ തയ്യാറാക്കിയത്. പ്രസ്തുത ശിപാർശയിന്മേൽ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുമുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് 25.01.2015, 25.02.2015 തീയതികളിൽ പ്രാഥമിക വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അതുപ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിച്ച വ്യക്തികളെ നേരിൽകേൾക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. |
| എഫ്) | പുതിയ തദ്ദേശസ്ഥാപനങ്ങൾ എന്നു മുതൽ നിലവിൽ വരുമെന്ന് വെളിപ്പെടുത്താമോ? | എഫ്) | പുതിയ ഭരണസമിതികൾ 2015 നവംബർ 1-ന് നിലവിൽ വരേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### വിഭജിക്കേണ്ട പഞ്ചായത്തുകളുടെ ലിസ്റ്റ്

| ക്രമനമ്പർ | ജില്ല | വിഭജിക്കപ്പെടുന്ന പഞ്ചായത്ത് | പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്ത് /കൂട്ടിച്ചേർക്കപ്പെടുന്ന പഞ്ചായത്ത് |
|---|---|---|---|
| 1 | **തിരുവനന്തപുരം**<br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 6<br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 4 | പള്ളിച്ചൽ | നരുവാമൂട് (34) |
| | | നാവായിക്കുളം | കുടവൂർ (44) |
| | | കഠിനംകുളം, ചിറയിൻകീഴ്, അഴൂർ | പെരുമാതുറ (48) |
| | | കരകുളം | വട്ടപ്പാറ (53) |
| 2 | **കൊല്ലം**<br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 10<br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 8 | നെടുവത്തൂർ, കുളക്കട, പവിത്രേശ്വരം | പുത്തൂർ (8) |
| | | തൃക്കോവിൽവട്ടം | കണ്ണനല്ലൂർ (27) |
| | | ഇടമുളയ്ക്കൽ | അറയ്ക്കൽ (37) |
| | | പിറവന്തൂർ | പുന്നല (40) |
| | | ചിതറ | മടത്തറ (55) |
| | | കുലശേഖരപുരം | പുതിയകാവ് (57) |
| | | പന്മന | വടക്കുംതല (59) |
| | | കല്ലുവാതുക്കൽ | പാരിപ്പള്ളി (60) |
| | കൂട്ടിച്ചേർക്കൽ: 3 | കുളത്തൂപ്പുഴ | ആര്യങ്കാവ് |
| | | നെടുമ്പന | ഇളമ്പള്ളൂർ |
| | | പേരയം | കിഴക്കേ കല്ലട |
| 3 | **പത്തനംതിട്ട**<br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 6<br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 4 | കലഞ്ഞൂർ | കൂടൽ (36) |
| | | പള്ളിക്കൽ | പെരിങ്ങനാട് (39) |
| | | ഏഴംകുളം, ഏറത്ത്, കടമ്പനാട് | ഏനാത്ത് (66) |
| | | കോന്നി | കോന്നിതാഴം (68) |
| 4 | **ആലപ്പുഴ**<br>വിഭജിക്കപ്പെടുന്ന | ചേർത്തല തെക്ക് | അർത്തുങ്കൽ (58) |
| | | ചുനക്കര, താമരക്കുളം, നൂറനാട് | ചാരുംമൂട് (65) |

| | | | |
|---|---|---|---|
| | പഞ്ചായത്തുകൾ: 4<br><br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 2 | | |
| | കൂട്ടിച്ചേർക്കൽ: 1 | ദേവികുളങ്ങര | കണ്ടല്ലൂർ |
| 5 | **കോട്ടയം**<br><br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 2<br><br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 2 | എരുമേലി | മുക്കൂട്ടുതറ (19) |
| | | പനച്ചിക്കാട് | കൊല്ലാട് (31) |
| | കൂട്ടിച്ചേർക്കൽ: 1 | കുറോപ്പട | പള്ളിക്കത്തോട് |
| 6 | **ഇടുക്കി**<br><br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 4<br><br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 2 | അടിമാലി | വാളറ (1) |
| | | നെടുങ്കണ്ടം, പാമ്പാടുംപാറ, കരുണാപുരം | പട്ടംകോളനി (69) |
| | കൂട്ടിച്ചേർക്കൽ: 1 | വെള്ളിയാമറ്റം | ഉടുമ്പന്നൂർ |
| 7 | **എറണാകുളം**<br><br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 10<br><br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 6 | വെങ്ങോല | അറയ്ക്കപ്പടി (16) |
| | | പായിപ്ര | മുളവൂർ (20) |
| | | കവളങ്ങാട്, കുട്ടമ്പുഴ | നേര്യമംഗലം (24) |
| | | രായമംഗലം | കുറുപ്പംപടി (32) |
| | | കിഴക്കമ്പലം, കുന്നത്തുനാട് | പട്ടിമറ്റം (47) |
| | | നെല്ലിക്കുഴി, കോട്ടപ്പടി, പിണ്ടിമന | തൃക്കാരിയൂർ (50) |
| | കൂട്ടിച്ചേർക്കൽ: 1 | എടയ്ക്കാട്ടുവയൽ | ആമ്പല്ലൂർ |
| 8 | **തൃശ്ശൂർ**<br><br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 5<br><br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 4 | മറ്റത്തൂർ | വെള്ളിക്കുളങ്ങര (5) |
| | | പുത്തൂർ | മരത്താക്കര (13) |
| | | ചേലക്കര, പഴയന്നൂർ | എളനാട് (21) |
| | | എറിയാട് | അഴീക്കോട് (46) |

| | | | |
|---|---|---|---|
| | കൂട്ടിച്ചേർക്കൽ: 2 | വെങ്കിടങ്ങ് | വാടാനപ്പള്ളി |
| | | മറ്റത്തൂർ | കൊടകര |
| 9 | **പാലക്കാട്**<br><br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 4<br><br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 3 | അലനല്ലൂർ | എടത്തനാട്ടുകര (23) |
| | | ഓങ്ങല്ലൂർ | കാരക്കാട് (30) |
| | | വണ്ടാഴി, കിഴക്കഞ്ചേരി | മംഗലം ഡാം (52) |
| | കൂട്ടിച്ചേർക്കൽ: 2 | പല്ലശ്ശന | എലവഞ്ചേരി |
| | | | എരുമയൂർ |
| | | മാത്തൂർ | കുഴൽമന്ദം |
| 10 | **മലപ്പുറം**<br><br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 20<br><br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 12 | കുറുവ, പുഴക്കാട്ടിരി, പൊന്മള, കോഡൂർ, മൂർക്കനാട് | പാങ്ങ് (7) |
| | | തിരുനാവായ | അനന്താവൂർ (11) |
| | | താഴെക്കോട്, ആലിപ്പറമ്പ് | അരക്കുപറമ്പ് (12) |
| | | വള്ളിക്കുന്ന് | അരിയല്ലൂർ (14) |
| | | വഴിക്കടവ് | മരുത (15) |
| | | തൃക്കലങ്ങോട് | എളങ്കൂർ (22) |
| | | പള്ളിക്കൽ | കരിപ്പൂർ (25) |
| | | വണ്ടൂർ | വാണിയമ്പലം (26) |
| | | പാണ്ടിക്കാട് | ചെമ്പ്രശ്ശേരി (35) |
| | | മൂന്നിയൂർ | വെളിമുക്ക് (54) |
| | | പുറത്തൂർ, മംഗലം | കൂട്ടായി (56) |
| | | ചുങ്കത്തറ, പോത്തുകൽ, ചാലിയാർ | കുറുമ്പലങ്ങോട് (67) |
| | കൂട്ടിച്ചേർക്കൽ: 4 | പാണ്ടിക്കാട് | തുവ്വൂർ |
| | | ചെറുകാവ് | വാഴയൂർ |
| | | തിരൂരങ്ങാടി | തെന്നല |
| | | കീഴാറ്റൂർ | പാണ്ടിക്കാട് |
| 11 | **കോഴിക്കോട്**<br><br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 12<br><br>പുതുതായി | ഒളവണ്ണ | പന്തീരാങ്കാവ് (2) |
| | | ഉണ്ണികുളം | പൂനൂർ (10) |
| | | കുന്ദമംഗലം, പെരുവയൽ, ചാത്തമംഗലം, മാവൂർ | ചെറുകുളത്തൂർ(17) |
| | | കോടഞ്ചേരി | നെല്ലിപ്പൊയിൽ (28) |

| | | | |
|---|---|---|---|
| | രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 7 | നരിപ്പറ്റ, കായക്കൊടി | കൈവേലി (33) |
| | | തിരുവള്ളൂർ, വില്ല്യാപ്പള്ളി | മേമുണ്ട (63) |
| | | മണിയൂർ | പാലയാട് (64) |
| 12 | **വയനാട്**<br><br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 8<br><br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 3 | എടവക, വെള്ളമുണ്ട, പനമരം | കെല്ലൂർ (9) |
| | | നെന്മേനി, നൂൽപ്പുഴ | ചീരാൽ (38) |
| | | പൂതാടി, പനമരം, കണിയാമ്പറ്റ | നടവയൽ (41) |
| 13 | **കണ്ണൂർ**<br><br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 12<br><br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 9 | അഴീക്കോട് | അഴീക്കൽ (4) |
| | | തൃപ്രങ്ങോട്ടൂർ, കുന്നോത്ത്പറമ്പ് | പൊയിലൂർ (42) |
| | | ആലക്കോട് | തേർത്തല്ലി (43) |
| | | ഉളിക്കൽ, പായം, അയ്യൻകുന്ന് | വള്ളിത്തോട് (45) |
| | | ചിറക്കൽ | കാട്ടാമ്പള്ളി (49) |
| | | കൂടാളി | പട്ടാന്നൂർ (51) |
| | | കുന്നോത്ത്പറമ്പ് | പുത്തൂർ (61) |
| | | നടുവിൽ | കരുവഞ്ചാൽ (62) |
| | | വേങ്ങാട് | മമ്പറം (70) |
| 14 | **കാസർകോട്**<br><br>വിഭജിക്കപ്പെടുന്ന പഞ്ചായത്തുകൾ: 8<br><br>പുതുതായി രൂപീകരിക്കപ്പെടുന്ന പഞ്ചായത്തുകൾ: 4 | പള്ളിക്കര, ഉദുമ | പനയാൽ (3) |
| | | അജാനൂർ | മാണിക്കോത്ത് (6) |
| | | കിനാനൂർ-കരിന്തളം, കോടോംബേളൂർ, ബളാൽ | പരപ്പ (18) |
| | | കളനാട്, ചെമ്മനാട് | കളനാട് (29) |

സെക്ഷൻ ഓഫീസർ